ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:21.07.2026

## പ്രധാനവാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു നോർത്ത് മാസിഡോണിയൻ പ്രസിഡൻറ് ഗോർഡാന ദാവ്കോവയുമായി കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ നേതാക്കൾക്കിടയിൽ ധാരണ.

2. വർഷകാല സമ്മേളനത്തിൻറെ രണ്ടാം ദിനവും പ്രക്ഷുബ്ധമായി പാർലമെൻറ്. നീറ്റ് ചോദ്യപേപ്പർ ചോർച്ചയടക്കമുള്ള വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

3. മനുഷ്യ-വന്യജീവി സംഘർഷത്തിൽ നഷ്ടപരിഹാരത്തുക 50 ശതമാനം വർദ്ധിപ്പിക്കുമെന്ന് വനം മന്ത്രി ഷിബു ബേബി ജോൺ.

4. പാലാ നഗരസഭയിൽ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. നാല് കോൺഗ്രസ് അംഗങ്ങൾ പ്രമേയത്തെ പിന്തുണച്ചു.

5. സംസ്ഥാനത്ത് ഇന്ന് വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ.എസ്.ഇ.ബി

6. കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത .

*************************

## രാഷ്ട്രപതി (ഇൻട്രോ)

ജനാധിപത്യ മൂല്യങ്ങളിലും, പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമായ ബന്ധമാണ് ഇന്ത്യയ്ക്കും നോർത്ത് മാസിഡോണിയയ്ക്കും ഇടയിലുള്ളതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി നോർത്ത് മാസിഡോണിയൻ പ്രസിഡൻറ് ഗോർഡാന ദാവ്കോവയുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. വ്യാപാരം, ഐറ്റി, കൃഷി, ഭക്ഷ്യ സംസ്കരണം, ടൂറിസം, സിനിമ തുടങ്ങി വിവിധ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങൾക്കുമിടയിൽ ധാരണയായി.

(ഹോൾഡ്)

ഇന്ത്യയുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിൽ ചേരാനുള്ള നോർത്ത് മാസിഡോണിയയുടെ തീരുമാനത്തെ രാഷ്ട്രപതി സ്വാഗതം ചെയ്തു. പരമ്പരാഗത ചികിത്സ രീതികൾക്ക് പ്രാധാന്യം നൽകി ആരോഗ്യ സഹകരണത്തിൽ പുതിയ ധാരണാപത്രത്തിൽ ഏർപ്പെടാനും ഇരു രാജ്യങ്ങളും തീരുമാനിച്ചു.

*************************

## പാർലമെൻറ്

വർഷകാല സമ്മേളനത്തിൻറെ രണ്ടാം ദിനത്തിലും പ്രക്ഷുബ്ധമായി പാർലമെൻറ്. നീറ്റ് ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരു

PNU TVPM

സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് മൂന്ന് തവണ നിർത്തിവച്ച സമ്മേളന നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ വീണ്ടും നിർത്തി വയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. വർഷകാല സമ്മേളനത്തോട് അനുബന്ധിച്ച് എൻഡിഎ പാർലമെന്ററി പാർട്ടി യോഗം പാർലമെന്റ് ഹൗസിൽ ഇന്ന് ചേർന്നു. ചോദ്യപേപ്പർ ചോർച്ചകൾ തടയുന്നതിനും, കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടു വരുന്നതിനും കർശന നടപടികൾ സ്വീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി യോഗത്തിൽ നിർദ്ദേശം നൽകി.

**************************

## മുഖ്യമന്ത്രി കൂടിക്കാഴ്ച

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ , ലോക്സഭാ സ്പീക്കർ ഓം ബിർല എന്നിവരുമായി മുഖ്യമന്ത്രി വിഡി സതീശൻ ഇന്ന് പാർലമെൻറ് മന്ദിരത്തിൽ കൂടിക്കാഴ്ച നടത്തി . കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻ ഖാർഗെ , സോണിയ ഗാന്ധി എന്നിവരുമായും അദ്ദേഹം ന്യൂ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി .

RNUTVPM

**************************

## ഷിബു ബേബി ജോൺ (ഇ ൻട്രോ)

മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവനും, ജീവനോപാധിയും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം 50 ശതമാനം വർദ്ധിപ്പിക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ.

നഷ്ടപരിഹാരം വേഗത്തിലാക്കുന്നതിന് അദാലത്ത് നടത്തുമെന്നും, വന്യജീവി ആക്രമണം മൂലം വിളനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക

ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്ഥാപന പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം .

(ഹോൾഡ്)

കാർഷിക മേഖലയിലെ പന്നിശല്യം ഒഴിവാക്കാൻ ഷാർപ്പ് ഷൂട്ടർമാരെ ഉപയോഗിക്കാമെന്നും, പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ റൈഫിൾ ക്ലബ് അംഗങ്ങളെ വിന്യസിക്കാൻ ശ്രമം നടത്തുമെന്നും മന്ത്രി പറഞ്ഞു.

**************************

## <u>മന്ത്രി സിപി ജോൺ</u>

പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാരുടെപ്രശ്നങ്ങൾക്ക് വളരെ വേഗത്തിൽ പരിഹാരമുണ്ടാക്കുമെന്നും അതിനായി കമ്മറ്റി രൂപീകരിച്ചതായും ഗതാഗത മന്ത്രി സിപി ജോൺ . പ്രിയദർശിനി ബസ് സർവീസ് നടപ്പായതോടെ കെ എസ് ആർ ടി സി ബസുകളിലെ സ്ത്രീയാത്രക്കാരുടെ എണ്ണം 87 ശതമാനം വർധിച്ചതായും തൃശ്ശൂരിൽ മീറ്റ് ദ പ്രസ് പരിപാടിയിൽ മന്ത്രി പറഞ്ഞു . പ്രിയദർശിനി യാത്ര മറ്റു ബസ്സുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

**************************

## <u>വൈദ്യുത നിയന്ത്രണത്തിന് സാധ്യത</u>

സംസ്ഥാനത്ത് ഇന്ന് വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ.എസ്.ഇ.ബി. പവർ എക്സ്ചേഞ്ച് വഴി വ വേണ്ടത്ര വൈദ്യുതി

RNU TVPM

ലഭ്യമായില്ലെങ്കിൽ , വൈകുന്നേരത്തെ പീക്ക് സമയങ്ങളിൽ നിയന്ത്രണം വേണ്ടിവന്നേക്കാമെന്നാണ് അറിയിപ്പ്.

***************************

## വഖഫ് ബോർഡ് - സു പ്രീംകോടതി

സംസ്ഥാന വഖഫ് ബോർഡ് പ്രവർത്തനങ്ങൾ ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ വേണമെന്ന കേരള ഹൈക്കോടതി നിർദേശം നീക്കി സുപ്രീം കോടതി. വഖഫ് ബോർഡ് പ്രവർത്തനങ്ങൾ താൽക്കാലികമായി മരവിപ്പിച്ച ഹൈക്കോടതി ഇടക്കാല ഉത്തരവിനെതിരെ വഖഫ് ബോർഡ് സമർപ്പിച്ച അപ്പീലിലാണ് നടപടി. വിഷയത്തിൽ

എല്ലാവരുടെയും വാദം കേട്ട് ഉടൻ തീർപ്പ് കൽപ്പിക്കാനും ഹൈക്കോടതിയോട് സുപ്രീം കോടതി നിർദേശിച്ചു. വഖഫ് ബോർഡ് പ്രവർത്തനങ്ങൾക്ക് ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സുപ്രീം കോടതി സ്റ്റേ ചെയ്യാതിരുന്നത് വഖഫ് ബോർഡിനേറ്റ തിരിച്ചടിയാണെന്ന് ഹർജിക്കാരിൽ ഒരാളായ ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ ഷോൺ ജോർജ് പ്രതികരിച്ചു.

RNUTVPM

***************************

## പാലായിൽ വിപ്പ് ലംഘിച്ച കോൺഗ്രസ്

പാലാ നഗരസഭയിൽ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. ഇതോടെ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭാ ചെയർപേഴ്സണായിരുന്ന ദിയ ബിനുവിന്, സ്ഥാനം നഷ്ടമായി. 12 പ്രതിപക്ഷ കൗൺസിലർമാർക്ക് പുറമെ 4 കോൺഗ്രസ് അംഗങ്ങളും ഒരു സ്വതന്ത്ര അംഗവും അവിശ്വാസത്തെ

പിന്തുണച്ചു. സംസ്ഥാന കോൺഗ്രസ് നേതൃത്വം നൽകിയ വിപ്പ്

ലംഘിച്ച കൗൺസിലർമാർക്കെതിരെ പാർട്ടി നടപടിയും, നിയമനടപടിയും ഉണ്ടാകുമെന്ന് കോട്ടയം ഡി സി സി പ്രസിഡൻ്റ് നാട്ടകം സുരേഷ് എം.എൽ.എ പറഞ്ഞു.

*************************

<u>റബർ കർഷകരുടെ ക്ഷേമം ഇൻട്രോ</u>

റബർ കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ റബർ ബോർഡുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് മന്ത്രി മോൻസ് ജോസഫ്. റബർ ബോർഡ് ചെയർമാൻ എൻ. ഹരിയുമായി മന്ത്രി ഇന്ന് കോട്ടയത്തെ ബോർഡ് ആസ്ഥാനത്ത് കൂടിക്കാഴ്ച നടത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ

(വോയിസ്)

RNU TVPM

*************************

<u>ശബരിമല</u>

ശബരിമല മണ്ഡലകാല തീർത്ഥാടനത്തിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്താനായി പൊതുമരാമത്ത് മന്ത്രി പി.കെ ബഷീറിൻ്റെ അധ്യക്ഷതയിൽ പമ്പയിൽ ഇന്ന് അവലോനയോഗം ചേർന്നു. ശബരിമല റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വീഴ്ച്ച വരുത്തിയാൽ കർശന നടപടി ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. യോഗത്തിൽ എംഎൽഎമാരും ജില്ല കളക്ടറും , ജില്ലാ പോലീസ് മേധാവിയും ഉൾപ്പെടെ പങ്കെടുത്തു. കർക്കടകമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10 മണിക്കാണ് അടയ്ക്കുക.

*************************

## ഫാക്ട് ചെക്ക്

ഡൽഹിയിലെ പ്രതിഷേധങ്ങൾക്കിടെ ഒരു പെൺകുട്ടി മരിച്ചതായി സമൂഹമാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണം തെറ്റാണെന്ന് കേന്ദ്രസർക്കാർ. തീർത്തും അടിസ്ഥാന രഹിതമാണിതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം അറിയിച്ചു. പ്രതിഷേധക്കാർക്കെതിരെ പോലീസ് പെല്ലറ്റ് ഗൺ പ്രയോഗിച്ചെന്ന പ്രചാരണം തെറ്റാണെന്ന് ഡൽഹി പോലീസ് വ്യക്തമാക്കി.

*************************

## സോനം വാങ്ചുക്

നിരാഹാര സമരത്തെ തുടർന്ന് ആരോഗ്യനില വഷളായതിനാൽ ഡൽഹിയിലെ സഫ്ദർജംഗ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന സാമൂഹിക പ്രവർത്തകൻ സോനം വാങ്ചുകിനെ ഗുരുഗ്രാമിലെ മേദാന്ത ആശുപത്രിയിലേക്ക് അടിയന്തരമായി മാറ്റാൻ ഡൽഹി ഹൈക്കോടതി ഉത്തരവിട്ടു. വാങ്ചുകിന്റെ ഭാര്യ ഗീതാഞ്ജലി ആങ്മോ സമർപ്പിച്ച ഹർജിയിലാണ് നടപടി.

RNU TVPM

*************************

## മഴ

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി .

*************************

## ഷിഗെല്ല: ക്ലോറിനേഷൻ ഡ്രൈവ്

വയനാട് ഗവ എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥിക്ക് ഷിഗെല്ല സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ ജില്ലയിലെ മുഴുവൻ ജല സ്രോതസുകളും ശുദ്ധീകരിക്കാൻ നിർദ്ദേശം നൽകി മന്ത്രി ടി സിദ്ദിഖ്. ഒരാഴ്ച നീളുന്ന ക്ലോറിനേഷൻ ഡ്രൈവ് ഇതിനായി നടത്തും. ഹോട്ടലുകളിലും, മറ്റ് സ്ഥാപനങ്ങളിലും പരിശോധന ശക്തമാക്കാനും അവലോകന യോഗത്തിൽ മന്ത്രി നിർദേശിച്ചു.

**************************

## നിരോധിത പുകയില വേട്ട.

കേരളാ - തമിഴ്നാട് അതിർത്തി മേഖലയായ കുമളി റോസാപ്പൂക്കണ്ടത്ത് വൻ നിരോധിത പുകയില വേട്ട. രഹസ്യ വിവരത്തെ തുടർന്ന് എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ, ട്രാവലർ വാഹനത്തിൽ നിന്നും ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന 30 ചാക്കിലധികം നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. തമിഴ്നാട്ടിൽ നിന്നും കേരളത്തിലെ വിവിധ ഭാഗങ്ങളിലേക്ക് വിതരണത്തിനായി എത്തിച്ചതാണ് ഇവയെന്നാണ് പ്രാഥമിക നിഗമനം.

RNUTVPM

***************************************************************************************************************************